**പതിനാലാം കേരളനിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2352** 08/05/2017 -ൽ മറുപടിയ്ക്ക്

**സ്കൂൾ ബാഗുകളുടെ അമിതഭാരം കുറയ്ക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ : | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്കൂൾ വിദ്യാർത്ഥികൾക്ക് ബാഗിന്റെ അമിതഭാരം മൂലം നിരവധി ശാരീരിക പ്രശ്നങ്ങളും യാത്രചെയ്യാൻ ബുദ്ധിമുട്ടും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ലഘൂകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വലിയ 200 പേജ് നോട്ട് ബുക്കിനു പകരം ചെറിയ 80 പേജ്, 40 പേജ് നോട്ട് ബുക്കുകൾ വാങ്ങിയാൽ മതി എന്ന നിർദ്ദേശം നൽകുമോ? | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് നിരവധി കത്തുകൾ/ പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ബാലാവകാശ കമ്മീഷൻ ഈ വിഷയം അപഗ്രഥിക്കുകയും വിദ്യാഭ്യാസ വകുപ്പ് സ്വീകരിക്കേണ്ട അനന്തര നടപടികൾ അറിയിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പാഠപുസ്തകങ്ങൾ മൂന്ന് വാല്യങ്ങൾ ആയി പ്രിന്റ് ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. 60 പേജിൽ കൂടുതൽ ഒരു വാല്യത്തിൽ ഉണ്ടാകാത്തവിധം പ്രിന്റ് ചെയ്യുന്നത് ഈ വർഷം മുതൽ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ബാഗുകളുടെ ഭാരം കുറയ്ക്കുന്നതിന്റെ ഭാഗമായി ഓരോ പാഠഭാഗങ്ങളും അതിന്റെ നോട്ട് എഴുതുന്നതിനാവശ്യമായ ബ്ലാങ്ക് പേജുകളും ചേർത്ത ലീഫ് ലെറ്റുകളാക്കി മാറ്റുന്ന കാര്യം ആലോചിക്കുമോ? | (ബി) പാഠഭാഗങ്ങളെ ഓരോ ടേമിലേയും ഓരോ വിഷയത്തിന്റെയും അടിസ്ഥാനത്തിൽ രണ്ടും മൂന്നും ഭാഗങ്ങളായി വിഭജിച്ച് വിദ്യാർത്ഥികൾക്ക് 2017-18 അദ്ധ്യയന വർഷം മുതൽ നൽകാൻ തീരുമാനിച്ചു. ബ്ലാങ്ക് പേജുകൾ ചേർത്ത് ലീഫ് ലെറ്റുകളായി നൽകുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ